പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 611

03/03/2020 - ൽ മറുപടിക്ക്

## കൺസ്യൂമർഫെഡിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| എ) | കൺസ്യൂമർഫെഡിന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ, വിശദമാക്കുമോ, | എ) | ഉണ്ട്. ത്രിവേണി സൂപ്പർമാർക്കറ്റുകൾ, മൊബൈൽ ത്രിവേണി മാർക്കറ്റുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, ത്രിവേണി നോട്ട് ബുക്ക്, കമ്പ്യൂട്ടർ സ്റ്റേഷനറി നിർമ്മാണ യൂണിറ്റ്, ഇ-ത്രിവേണികൾ, വിദേശ മദ്യം, ബിയർ വ്യാപാരം, ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി കോളേജ്, നീതി ഗ്യാസ് ബോട്ടിലിംഗ് പ്ലാന്റ് എന്നിവ കൺസ്യൂമർ ഫെഡിനു കീഴിൽ പ്രവർത്തിക്കുന്നു.<br><br>യാതൊരു കച്ചവട സാധ്യതയുമില്ലാത്ത 746 നൻമ സ്റ്റോറുകൾ നിർത്തലാക്കിക്കൊണ്ട് അധികമുള്ള രണ്ടായിരത്തി അഞ്ഞൂറോളം ജീവനക്കാരെ ഒരു നിശ്ചിത തീയതി കണക്കാക്കി ഒഴിവാക്കിയിട്ടുണ്ട്. കേരളത്തിലെ മുഴുവൻ സഹകരണ പ്രസ്ഥാനങ്ങളും, സഹകാരികളുടെ സഹായത്താൽ സമാഹരിച്ച തുക സ്വരൂപിച്ച് വിവിധ ബാങ്കുകളിലെയും കുടിശ്ശിക അടച്ചു തീർത്ത് പിഴപ്പലിശ ഒഴിവാക്കുകയും, ചില വായ്പകൾ അടച്ചു പുതുക്കി പലിശ നിരക്ക് കുറയ്ക്കുകയും ചെയ്തത് വഴി പലിശ ഇനത്തിൽ നൽകേണ്ടി വന്ന അതിഭീമമായ തുകയ്ക്ക് അറുതി വരുത്തുവാൻ കഴിഞ്ഞു<br><br>140 നിയോജകമണ്ഡലങ്ങളിലും പ്രവർത്തിക്കുന്നതിനു വേണ്ടി വാങ്ങിയ മൊബൈൽ ത്രിവേണികൾ വിൽപ്പനക്കാവശ്യമായ സാധനങ്ങൾ ഇല്ലാത്തത് വഴിയും, മെയിന്റനൻസിനു വേണ്ടി വലിയ തുകകൾ മുടക്കേണ്ടി വന്നതിനാലും പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. ഇതിൽ 83 മൊബൈൽ ത്രിവേണികൾ പൊതുലേലം നടത്തി ഒഴിവാക്കിയിട്ടുണ്ട്. തീരദേശ, മലയോര മേഖലകളിൽ മൊബൈൽ ത്രിവേണികൾ ഇപ്പോഴും പ്രവർത്തനം തുടരുന്നു. |

| | | | |
|---|---|---|---|
| | | | വിവിധ ഗോഡൗണുകളിലായി ഉപയോഗ ശൂന്യമായി വരുന്ന സാധനങ്ങൾ ലേലം ചെയ്ത് വിൽപ്പന നടത്തുകയും ബാക്കിയുള്ള സാധനങ്ങൾ നിയമവിധേയമായി നശിപ്പിക്കുകയും ചെയ്ത് യൂണിറ്റുകൾ ഡാമേജ് രഹിതമാക്കി.<br><br>ശമ്പളം, വാടക, പലിശ, ലോൺ തിരിച്ചടവ് എന്നീ മേഖലകളിലെ ചിലവ് ചുരുക്കലിന്റെയും, വിൽപ്പന വർദ്ധനവിന്റെയും ഭാഗമായി 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ കൺസ്യൂമർഫെഡ് ലാഭത്തിലായി.<br><br>കൺസ്യൂമർഫെഡിന്റെ കേന്ദ്രീകൃത വാങ്ങലുകൾ മുഴുവൻ ഇ-ടെണ്ടറിലൂടെ നടത്തുവാൻ കഴിഞ്ഞു. ഇ-ടെണ്ടറും നെഗോസിയേഷനും നടത്തുക വഴി പർച്ചേസ് രംഗത്തെ അനാവശ്യ പ്രവണതകൾ പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വാങ്ങുക വഴി വിൽപ്പന വിലയിൽ കുറവ് വരുത്താൻ കഴിഞ്ഞിട്ടുണ്ട്. ഉത്സവകാലങ്ങളിൽ വിപണിയിലുണ്ടായ കൃത്യമായ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനായി സർക്കാർ സഹായത്തോടെ വിപണി ഇടപെടലുകൾ പുനരുജ്ജീവിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. |
| ബി) | ഫെഡറേഷന് സ്വന്തമായുള്ള നീതി ഗ്യാസ് പ്ലാന്റിന്റെ കാര്യ ശേഷി കൂടുതൽ പ്രയോജന-പ്പെടുത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | ബി) | കൺസ്യൂമർഫെഡിന്റെ അപേക്ഷ പരിഗണിച്ച് ഐ.ഒ.സി.എൽ കേന്ദ്ര പെട്രോളിയം മന്ത്രാലയത്തിൽ നിന്നും പ്രത്യേക അനുമതി ലഭിച്ചതിനെ തുടർന്ന് സിംഗിൾ ടെണ്ടർ മുഖാന്തിരം നീതി ഗ്യാസ് എൽ.പി.ജി ബോട്ടിലിംഗ് പ്ലാന്റിന് 3 വർഷത്തേക്ക് വർക്ക് ഓർഡർ ലഭിച്ചിട്ടുണ്ട്. ആയത് കാലാകാലങ്ങളിൽ പുതുക്കാവുന്നതാണ്. നീതി ഗ്യാസ് പ്ലാന്റിന് 2 ഷിഫ്റ്റ് പ്രവർത്തിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ടെങ്കിലും ചെലവ് ചുരുക്കി നിലവിലുള്ള തൊഴിലാളികൾ തന്നെ അധിക സമയം ജോലി ചെയ്തു കൊണ്ട് പ്ലാന്റിന്റെ പരമാവധി ശേഷിയിൽ ഉൽപ്പാദനം നടത്തിവരുന്നു. പ്ലാന്റിൽ നിലവിൽ 20 വർഷം മുൻപുള്ള ബോട്ടിലിംഗ് സംവിധാനവും അതിനോട് ബന്ധപ്പെട്ടുള്ള യന്ത്ര സാങ്കേതിക സംവിധാനങ്ങളുമാണുള്ളത്. പ്ലാന്റിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ടി എൽ.പി.ജി.കമ്പ്രസർ വാങ്ങിയിട്ടുണ്ട്. |

സി) കൺസ്യൂമർഫെഡ് സ്ഥാപനങ്ങളുടെ വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനായി ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; 2017-18 നെ അപേക്ഷിച്ച് 2018-19 ൽ വിറ്റു വരവിൽ എന്ത് വർദ്ധനവാണ് ഉണ്ടായത് എന്ന് അറിയിക്കുമോ;

സി) 2018-19 മുതൽ കൺസ്യൂമർഫെഡ് വാങ്ങുന്ന ഉൽപ്പന്നങ്ങളിൽ ബ്രാന്റഡ് ഇനങ്ങൾ കൂടി ഉൾപ്പെടുത്തി പൊതു മാർക്കറ്റിൽ ഉന്നത നിലവാരത്തിലുള്ളതുമായ ലളിതജയ, ലളിതസുരേഖ, ബെൽ, 7 സ്റ്റാർ, 5 സ്റ്റാർ എന്നീ അരിയിനങ്ങളും കൂടാതെ ബ്രാന്റഡ് ആയിട്ടുള്ള പയർ ഉൽപ്പന്നങ്ങളും, ഇ-ടെണ്ടർ മുഖാന്തിരം നെഗോസിയേഷൻ നടത്തി വാങ്ങി പൊതു വിപണിയേക്കാൾ വില കുറച്ച് ത്രിവേണി/നീതി സ്റ്റോർ വഴി വിതരണം നടത്തി വരുന്നു. റീജിയണൽ തലത്തിൽ ലോക്കൽ ഡിസ്ട്രിബ്യൂട്ടർമാർ മുഖാന്തിരം വിതരണം നടത്തിയിരുന്ന പതിനഞ്ചോളം കമ്പനികളുടെ ഉൽപ്പന്നങ്ങൾ ഡിസ്ട്രിബ്യൂട്ടറുടെ കമ്മീഷൻ ഒഴിവാക്കി നേരിട്ട് വാങ്ങി വില കുറച്ച് വിതരണം നടത്തി വരുന്നു. എല്ലാ ജില്ലകളിലുമായി സമ്മാന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി കൺസ്യൂമർഫെഡിന് മാത്രമായി വൻകിട കമ്പനികളിൽ നിന്നും കൺസ്യൂമർ ഓഫറുകൾ വാങ്ങി ഈ ഓഫറുകൾ ഉപഭോക്താക്കൾക്ക് നൽകി വരുന്നു. കൂടാതെ ഉപഭോക്താക്കളെ ആകർഷിക്കുന്നതിന്റെ ഭാഗമായി യൂണിറ്റുകൾ സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളിൽ ജീവനക്കാർ നേരിട്ട് ഗൃഹസന്ദർശനം നടത്തിയും കസ്റ്റമർ മീറ്റിംഗുകൾ സംഘടിപ്പിക്കുകയും വഴി ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുവാൻ സാധിച്ചു.

11 റീജിയണലുകളുടെ 2017-18 ലെ വിറ്റു വരവും, 2018-19 ലെ വിറ്റു വരവും ആയതിന്റെ വർദ്ധനവും ചുവടെ ചേർക്കുന്നു.

| No | Branch Name | 2017-18 Total Sales in (Cr) | 2018-19 Toal Sales in (Cr) | Percentage of increase or decrease |
|---|---|---|---|---|
| 1 | Ernakulam | 25.09 | 29.09 | 16% |
| 2 | Thiruvananthapuram | 33.95 | 46.94 | 38% |
| 3 | Kozhikode | 36.12 | 42.96 | 19% |
| 4 | Kollam | 31.06 | 37.60 | 21% |
| 5 | Kottayam | 26.61 | 34.52 | 30% |
| 6 | Thrissur | 26.96 | 29.74 | 10% |
| 7 | Palakkad | 20.55 | 23.49 | 14% |
| 8 | Pathanamthitta | 18.98 | 19.42 | 2% |
| 9 | Alappuzha | 19.38 | 24.48 | 26% |

| | | | | |
|---|---|---|---|---|
| 10 | Kasargod | 30.66 | 29.33 | -4% |
| 11 | Malappuram | 16.96 | 21.29 | 26% |
| | Total | 286.32 | 338.86 | 18.35 |

**2017-18** കാലയളവിൽ നീതി മെഡിക്കൽ സ്കീമിന് വിറ്റ വരവ് **117.54** കോടി ആയിരുന്നത് **2018-19** കാലയളവിൽ **48%** വർദ്ധനവോടെ **173.85** കോടി രൂപ ആയി.

| | | | |
|---|---|---|---|
| ഡി) | കൺസ്യൂമർഫെഡിലെ ജീവനക്കാരുടെ എണ്ണം ശാസ്ത്രീയമായി തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അധികമായി കണ്ടെത്തിയ ജീവനക്കാരെ എപ്രകാരമാണ് പുനർ വിന്യസിച്ചതെന്ന് വിശദമാക്കുമോ; | ഡി) | കൺസ്യൂമർഫെഡിലെ ജീവനക്കാരുടെ എണ്ണം ശാസ്ത്രീയമായി തിട്ടപ്പെടുത്തിയിട്ടില്ല. |
| ഇ) | ഈ സർക്കാർ അധികാര ത്തിൽ വന്ന ശേഷം കൺസ്യൂമർ ഫെഡിൽ താൽക്കാലികമായോ, കരാറടിസ്ഥാനത്തിലോ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ വിഭാഗത്തിലും എത്ര ജീവനക്കാരെയാണ് നിയമിച്ചത്; വ്യക്തമാക്കാമോ? | ഇ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൺസ്യൂമർഫെഡിൽ താഴെ പറയും പ്രകാരം ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.<br>മാനേജ്മെന്റ് ട്രെയിനികൾ -15<br>ലെയ്സൺ ആഫീസർ -1<br>ഫിനാൻസ് കൺസർട്ടന്റ് & അഡ്മിനിസ്ട്രേറ്റീവ് ആഫീസർ -1<br>ബിസിനസ്സ് കൺസൾട്ടന്റ് -1<br>ലീഗൽ ആഫീസർ -1<br>ചീഫ് ഫിനാൻസ് ആഫീസർ -1<br>കോൺട്രാക്റ്റ് ഫാർമസിസ്റ്റ് -50<br>ഫാർമസി അസിസ്റ്റന്റ് -1<br>കരാർ അധ്യാപകർ (ഫാർമസി കോളേജ്) -6 |

സെക്ഷൻ ഓഫീസർ